**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീൺ ന്യായാലയ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമ വകുപ്പിന്റെ കീഴിൽ ഗ്രാമീൺ ന്യായാലയ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;എങ്കിൽ അവയുടെ പ്രവർത്തനവും അധികാര പരിധിയും എങ്ങനെയാണെന്ന് വിശദമാക്കാമോ; | (എ) | 01.03.2011 ലെ സ.ഉ (കൈ) 86/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ ആരംഭിക്കാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 30 ഗ്രാമന്യായാലയങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലാണ് ഗ്രാമന്യായാലയങ്ങൾ പ്രവർത്തിച്ച് വരുന്നത്. നീതിന്യായ നിർവ്വഹണ വകുപ്പിന്റെ കീഴിലാണ് ഈ കോടതികൾ ആരംഭിച്ചിട്ടുള്ളത് . |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമീൺ ന്യായാലയ് കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | കുന്നോത്ത്പറമ്പ് പഞ്ചായത്തിൽ ഗ്രാമന്യായാലയം പുതുതായി ആരംഭിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഇല്ല. |
| (സി) | ഗ്രാമീൺ ന്യായാലയ് പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കാമോ? | (സി) | സിവിൽ, ക്രിമിനൽ കേസുകൾ ലളിതമായ നടപടി ക്രമങ്ങളിലൂടെ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിലെ ബ്ലോക്ക് തലങ്ങളിൽ രൂപീകരിച്ചതാണ് ഗ്രാമന്യായാലയങ്ങൾ. ഗ്രാമന്യായാലയാസ് ആക്ട് 2008 ന്റെ അടിസ്ഥാനത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ